പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4228 — 03.02.2014 ന് മറുപടിയ്ക്ക്.

## നൈപുണ്യം ഉച്ചകോടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'നൈപുണ്യം ഉച്ച കോടി' സംഘടിപ്പിക്കുകയുണ്ടായോ ; | (എ) സംസ്ഥാനത്ത് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ ആഭിമുഖ്യത്തിൽ 2014 ജനുവരി 20, 21 തീയതികളിൽ തിരുവനന്തപുരത്തുവച്ച് 'നൈപുണ്യം ഉച്ചകോടി' സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത ഉച്ചകോടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; | (ബി) ആധുനിക മേഖലകളിൽ ഉരുത്തിരിയുന്ന വിവിധ നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലനങ്ങളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രഫഷണലുകളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നതാണ് ഈ ഉച്ചകോടികൊണ്ട് ഉദ്ദേശിക്കുന്നത്. നൈപുണ്യം ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം വ്യവസായ പങ്കാളികളുമായി ചേർന്ന് നിർമ്മാണം, സുരക്ഷ, ആരോഗ്യശുശ്രൂഷ, ഓട്ടോമൊബൈൽ, റീടെയ്ൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പുനൽകുന്ന അന്താരാഷ്ട്രതലത്തിൽ വൈദഗ്ധ്യമുള്ള പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ്. 2022-ൽ 500 ദശലക്ഷം യുവാക്കൾക്ക് തൊഴിൽ വൈദഗ്ധ്യം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാർ രൂപപ്പെടുത്തിയ National Skill Mission Policy യുടെ ഭാഗമായാണ് 2014 ജനുവരിയിൽ International Skill Summit (നൈപുണ്യം) സംഘടിപ്പിച്ചത്. |
| (സി) ഇതിലൂടെ എത്ര കമ്പനികളുമായി ധാരണാപത്രം ഒപ്പിടുന്നതിന് സാധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (സി) വിദഗ്ധപരിശീലനം നൽകാൻ കഴിവുള്ള സ്ഥാപനങ്ങളെ കണ്ടെത്തി ധാരണാപത്രം ഒപ്പിടുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. 29.1.2014 വരെ 41 വ്യത്യസ്ത കമ്പനികളിൽ നിന്നും 83 Expression of Interest (EoI) കൾ ലഭ്യമായിട്ടുണ്ട്. EoI കൾ സ്വീകരിക്കുന്ന അവസാന തീയതി 31.1.2014 ആണ്. അതിനുശേഷം മാത്രമേ EoI കൾ വിശകലനം ചെയ്ത് ധാരണാപത്രം ഒപ്പുവയ്ക്കാനുള്ള തീരുമാനമെടുക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ